ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ - എം.ശിവദാസൻ.)

വിഷയം : ജലസേചനം - വിജിലൻസ്- ശ്രീമതി.അനിയ ജെൻസി മാത്യു (പെൻ നം. 473250) ക്ലർക്ക്, തിരുവനന്തപുരം, ജലസേചനവും ഭരണവും,ചീഫ് എഞ്ചിനീയറുടെ കാര്യാലയം - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർവ്വീസിൽ നിന്നു നീക്കം ചെയ്ത് ടിയാരിക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. 29/03/2023 ലെ തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ബി സെക്ഷൻ, സീനിയർ സൂപ്രണ്ടിന്റെ ബി4/37809/2017 നം.അനൗദ്യോഗിക കുറിപ്പ്.
2. തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 13/08/2023 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. 10/05/2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്
4. 21/06/2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ഉത്തരവ് നം. CEIA/1565/2023 -VIG2 തീയതി - **23-07-2024**

ശ്രീമതി.അനിയ ജെൻസി മാത്യു (പെൻ നം. 473250) എന്ന താങ്കൾ, തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽ ക്ലർക്കായി ജോലി നോക്കി വരവെ, ഈ കാര്യാലയത്തിലെ 07/02/2013 തീയതിയിലെ ബി4-13976/09 നമ്പർ ഉത്തരവ് പ്രകാരം ഭർത്താവിനോടൊപ്പം വിദേശത്ത് താമസിക്കുന്നതിനായി കെ.എസ്.ആർ പാർട്ട് 1 അനുബന്ധം XIIC യിലെ വ്യവസ്ഥകൾക്ക് വിധേയമായി 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് താങ്കളുടെ അപേക്ഷയിൻമേൽ ഈ കാര്യാലയത്തിലെ 08/01/2018 തീയതിയിലെ ബി4-37809/17 നമ്പർ ഉത്തരവ് പ്രകാരം 15/02/2018 മുതൽ 14/02/2023 വരെ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. 01/11/2022 തീയതിയിലെ താങ്കളുടെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചതായും അവധി അവസാനിക്കുന്ന മുറയ്ക്ക് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദേശിച്ചു കൊണ്ട് ഈ കാര്യാലയത്തിലെ 28/12/2022 -ൽ ബി4-37809/2017 നമ്പർ കത്ത് താങ്കൾക്ക് നൽകിയിരുന്നു. അനുവദനീയമായ ശൂന്യവേതനാവധി 14/02/2023 ൽ പൂർത്തിയാകുകയും 15/02/2023 രാവിലെ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമായിരുന്നു.എന്നാൽ പ്രസ്തുത തീയതിയിൽ താങ്കൾ ജോലിയിൽ പുന:പ്രവേശിക്കുകയുണ്ടായില്ല. 15/02/2023 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ബി സെക്ഷൻ, സീനിയർ സൂപ്രണ്ട് ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) കുറ്റപത്രവും കുറ്റാരോപണ പത്രികയും താങ്കളുടെ

ലഭ്യമായ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് "Addressee Left India" എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

തുടർന്ന് കൊല്ലം ജില്ലയിൽ പ്രചാരമുള്ള വീക്ഷണം പത്രത്തിൽ 2023 ഒക്ടോബർ 7 ന് വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനുശേഷവും താങ്കളിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാക്കാത്ത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി, റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 19/04/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം കൊല്ലം, ഇറിഗേഷൻ ഡിവിഷൻ, സീനിയർ സൂപ്രണ്ടായ ശ്രീ.ജി.ഉണ്ണികൃഷ്ണൻ -നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. 01/05/2024 തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ശ്രീമതി.അനിയ ജെൻസി മാത്യു (പെൻ നം.473250), ക്ലർക്കിന്റെ അനധികൃത ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ 09/05/2024 തീയതിയിൽ താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ നടത്തിയ അന്വേഷണത്തിൽ താങ്കൾ ഇപ്പോഴും വിദേശത്തു തുടരുന്നതായി അറിയാൻ കഴിഞ്ഞ വിവരം റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച 10 വർഷത്തെ ശൂന്യവേതനാവധി 14/02/2023 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുന:പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന താങ്കളെ 15/02/2023 മുതൽ സർവ്വീസിൽ നിന്നും നീക്കംചെയ്യുവാൻ താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലായി താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. ആയത് Addressee Left India, RTS എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ക്ലർക്കായ ശ്രീമതി.അനിയ ജെൻസി മാത്യു (പെൻനം. 473250)- വിനെ 15/02/2023 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.അനിയ ജെൻസി മാത്യു

നെല്ലിവിള പുത്തൻവീട്

ചീയോട് ഈസ്റ്റ്, വെട്ടിത്തിട്ട പി.ഒ

പിറവന്തൂർ, പുനലൂർ,

കൊല്ലം -689696

പകർപ്പ്:-

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.
2. ഇറിഗേഷൻ വെബ് സൈറ്റ്.
3. വിജിലൻസ് 8 സീറ്റ്.